**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6430** **10-11-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ കാർഡ് സിസ്റ്റം നടപ്പിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമിയുടെ കൃത്യമായ ഉടമസ്ഥാവകാശം അറിയുന്നതിനും ബിനാമി ഇടപാടുകൾ തടയുന്നതിനുമായി ഒരു വ്യക്തിക്കോ, സ്ഥാപനങ്ങൾക്കോ മറ്റിതര കമ്പനികൾക്കോ എത്ര ഭൂമിയുണ്ട് എന്ന് തിട്ടപ്പെടുത്തി അറിയുന്നതിനുവേണ്ട റവന്യൂ കാർഡ് സിസ്റ്റം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | (എ) | റവന്യൂ വകുപ്പിൽ റവന്യൂ കാർഡ് സിസ്റ്റം പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്ത് ഒരു വ്യക്തിക്കോ, സ്ഥാപനങ്ങൾക്കോ മറ്റിതര കമ്പനികൾക്കോ എത്ര ഭൂമിയുണ്ട് എന്ന് തിട്ടപ്പെടുത്തുന്നതിന് ആധാർ അധിഷ്ഠിത യൂണീക്ക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒരു നമ്പറിനാൽ രേഖപ്പെടുത്തുന്നു എന്നതാണ് ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതിയുടെ പ്രധാന നേട്ടം. പ്രസ്തുത പദ്ധതിയിലൂടെ ഒരു ഭൂ ഉടമയ്ക്ക് സംസ്ഥാനത്തെ ഏത് വില്ലേജിലുമുള്ള എല്ലാ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒറ്റ തണ്ടപ്പേരിൽ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇങ്ങനെ ഭൂമിയുടെ വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒറ്റ തണ്ടപ്പേരിൽ ലഭ്യമാവുക വഴി ജനങ്ങൾക്ക് സുഗമമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും ഭൂ ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കും. ഒരു ഭൂ ഉടമയുടെ പേരിൽ സംസ്ഥാനമൊട്ടാകെയുള്ള ഭൂമിയുടെ വിവരങ്ങൾ ഒരു തണ്ടപ്പേരിൽ ലഭ്യമാക്കുന്നതിലൂടെ ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും ഭൂമിയുടെ കൈമാറ്റം സംബന്ധമായ നടപടിക്രമങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനും സാധിക്കുന്നതാണ്. പൊതുജനങ്ങൾക്കും സർക്കാരിനും ഇത്തരത്തിൽ ഭൂ ഉടമയുടെ വിവരങ്ങൾ ലഭിക്കുന്നത് വഴി സാമ്പത്തികലാഭവും സമയലാഭവും ഉണ്ടാകുന്നതാണ്. സംസ്ഥാനത്തെ എല്ലാ പൗരന്മാർക്കും ആധാർ അധിഷ്ഠിത യുണീക്ക് തണ്ടപ്പേർ നടപ്പിലാക്കുന്നതിനായി RELIS (Revenue Land |

| | | | |
|---|---|---|---|
| | | | Information System) സോഫ്റ്റ് വെയറിൽ ഭൂഉടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിന് 12.02.2020 ലെ സ.ഉ (സാധാ)നം. 552/2020/റവ നമ്പർ പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് യൂണീക്ക് തണ്ടപ്പേർ പ്രോജക്ടിനായി Aadhar Authentication ഉപയോഗിക്കുന്നതിനുള്ള അനുമതിയ്ക്കായി കേരളാ സർക്കാരിന് വേണ്ടി ലാൻഡ് റവന്യൂ കമ്മീഷണർ 2021 ജൂലൈ മാസം കേന്ദ്ര ഗവൺമെന്റിന്റെ Ministry of Electrionics & Information Technology യുടെ അംഗീകാരത്തിനായി പ്രപ്പോസൽ സമർപ്പിക്കുകയും 23.08.2021 ലെ file No. 13 (4)/2020-EG-II(Vol-8) നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം ലാൻഡ് റവന്യൂ ഡിപ്പാർട്ട്മെന്റിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ